## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4805 — 01/07/2013—ൽ മറുപടി നല്കേണ്ടിയിരുന്നത്

### ആശ്രിത നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | മുഖ്യമന്ത്രി |
| (എ) ആശ്രിത നിയമനങ്ങൾ ഏതെല്ലാം വകുപ്പുകളിലും ബോർഡുകളിലും കമ്പനി, കോർപ്പറേഷനുകളിലും നല്കി വരുന്നു; വിശദമാക്കാമോ; | (എ) ആശ്രിത നിയമനങ്ങൾ എല്ലാ സർക്കാർ വകുപ്പുകളിലും നിലവിലുണ്ട്. കൂടാതെ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ, ഭവന നിർമ്മാണ ബോർഡ്, മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള അർബൻ & റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിലും പ്ളാനിംഗ്(BPE) വകുപ്പിനു കീഴിൽ വരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ആശ്രിതനിയമന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എയ്ഡഡ് വിദ്യാഭ്യാസ്ഥാപനങ്ങളിൽ ആശ്രിത നിയമനങ്ങൾ നിലവിലുണ്ടോ; | (ബി) എയ്ഡഡ് സ്കൂളുകളിൽ ആശ്രിത നിയമനം നിലവിലുണ്ട്. |
| (സി) എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമനങ്ങൾ നല്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ആശ്രിത നിയമനങ്ങൾ എയ്ഡഡ് കോളേജുകളിലും ബാധകമാക്കുവാൻ നിയമം കൊണ്ടുവരുമോ; വിശദമാക്കാമോ? | (ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ